(സി) സെറ്റ് പരീക്ഷാ നടത്തിപ്പിന്റെ ചുമതല എൽ.ബി.എസ് സെന്റർ ഫോർ സയൻസ് ആന്റ് ടെക്നോളജിക്കാണ്.

(ഡി) എല്ലാ വിഭാഗങ്ങളുടെയും പരീക്ഷാഫലം 17-12-2014-ൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

(ഇ) ചോദ്യം ഉദിക്കുന്നില്ല.

മിഷൻ 676 പ്രകാരം പ്രഖ്യാപിക്കപ്പെട്ട വിദ്യാഭ്യാസ പദ്ധതികൾ

94 (1130) ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിദ്യാഭ്യാസ വകുപ്പിനു കീഴിൽ മിഷൻ 676 പ്രകാരം പ്രഖ്യാപിക്കപ്പെട്ട പദ്ധതികളിൽ പൂർണ്ണമായും നടപ്പിലാക്കിയവ ഏതൊക്കെയാണ് ; അതിനായി ചെലവഴിച്ച തുകയെത്ര ;

(ബി) 2014-15 ബഡ്ജറ്റിൽ വകയിരുത്താത്ത തുക ഇതിനായി വിനിയോഗിക്കുകയുണ്ടായോ ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ;

(സി) പ്രഖ്യാപിക്കപ്പെട്ട പദ്ധതികളിൽ നാളിതുവരെ പ്രവർത്തനം ആരംഭിച്ചിട്ടില്ലാത്തവ ഏതൊക്കെയാണ് ;

(ഡി) ആരംഭിച്ച പദ്ധതികളിൽ പൂർത്തീകരിക്കാൻ എത്ര ബാക്കിയുണ്ടെന്നും ഇത് എന്നത്തേക്ക് പൂർത്തീകരിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നതെന്നും പദ്ധതി പ്രകാരം ഇനി എത്ര ദിവസങ്ങൾ അവശേഷിക്കുന്നുണ്ടെന്നും വ്യക്തമാക്കാമോ ?

ഉത്തരം

(എ) പൊതുവിദ്യാഭ്യാസ വകുപ്പിന്റെ കീഴിൽ മിഷൻ 676 പ്രകാരം പ്രഖ്യാപിക്കപ്പെട്ട പദ്ധതികളൊന്നും പൂർണ്ണമായും നടപ്പിലാക്കിയിട്ടില്ല പദ്ധതികളുടെയും ബഡ്ജറ്റിൽ വകയിരുത്തിയ തുകയുടെയും വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു :

1. ആശ്വാസ് - 5 കോടി രൂപ
2. ജി.വി. രാജാ സ്പോർട്സ് സ്കൂൾ - 5.5 കോടി രൂപ

LIBRARY ARCHIVES Kerala Legislative Assembly

3. ഇന്റഗ്രേറ്റീവ് ഡിസ്റ്റൻസ് ഇ-ലേണിംഗ് - 2 കോടി രൂപ

4. മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്കായുള്ള സ്ഥാപനങ്ങൾക്കുള്ള ധനസഹായം - 15 കോടി രൂപ

5. അതുല്യം രണ്ടാം ഘട്ടം - 100 ലക്ഷം രൂപ

6. അക്ഷര ലക്ഷം രണ്ടാം ഘട്ടം - 125 ലക്ഷം രൂപ

7. ആദിവാസി സാക്ഷരതാ പദ്ധതി - 50 ലക്ഷം രൂപ

ഉന്നത വിദ്യാഭ്യാസ വകുപ്പിനെ സംബന്ധിക്കുന്ന വിവരങ്ങൾ ശേഖരിച്ചു നൽകുന്നതാണ്.

(ബി) ഇല്ല.

(സി) ആശ്വാസ് പദ്ധതിക്കുള്ള 5 കോടി രൂപയിൽ അടിസ്ഥാന സൗകര്യ വികസനത്തിനുള്ള 2 കോടി രൂപയും ജി.വി. രാജാ സ്പോർട്സ് സ്കൂളിനുള്ള 5.5 കോടി രൂപയും ഒറ്റത്തവണ അധിക കേന്ദ്ര സഹായ പദ്ധതിയിൽ ഉൾപ്പെട്ടതാണ്. ടി ഇക കേന്ദ്ര സർക്കാരിൽനിന്നും ഇതുവരെ ലഭ്യമായിട്ടില്ലാത്തതിനാൽ പ്രസ്തുത പദ്ധതികൾ ആരംഭിക്കാൻ കഴിഞ്ഞിട്ടില്ല. ഐ.ടി.അറ്റ് സ്കൂൾ പ്രോജക്ടിലെ 14 ജില്ലാ റിസോഴ്സ് കേന്ദ്രങ്ങളിലെ ഇന്റഗ്രേറ്റീവ് ഇ-ലേണിംഗ് സെന്ററിന് അനുവദിച്ച 2 കോടി രൂപയ്ക്ക് ക്ലിയറൻസ് ലഭിച്ചാലുടനെ പദ്ധതി ആരംഭിക്കുന്നതാണ്. മറ്റ് പദ്ധതികളുടെയെല്ലാം പ്രവർത്തനം ആരംഭിച്ചുകഴിഞ്ഞു.

(ഡി) ആരംഭിച്ച പദ്ധതികളൊന്നും പൂർത്തീകരിച്ചിട്ടില്ല. ആശ്വാസും ഇന്റഗ്രേറ്റീവ് ഡിസ്റ്റൻസ് ഇ-ലേണിംഗും തുടർ പദ്ധതികളാണ്. മറ്റ് പദ്ധതികൾ താഴെപ്പറയും പ്രകാരം പൂർത്തീകരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു :

1. ജി.വി. രാജാ സ്പോർട്സ് സ്കൂൾ - മാർച്ച് 2015
2. മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾ - മാർച്ച് 2015
3. അതുല്യം രണ്ടാം ഘട്ടം - ഏപ്രിൽ 2015
4. അക്ഷര ലക്ഷം രണ്ടാം ഘട്ടം - മാർച്ച് 2015
5. ആദിവാസി സാക്ഷരതാ പദ്ധതി - മേയ് 2016

LIBRARY ARCHIVES Kerala Legislative Assembly